**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1437**

**14/12/2012 - ൽ മറുപടിയ്ക്ക്**

**പി. എം. ജി. എസ്. വൈ. പദ്ധതി**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ)<br>&<br>(ബി) | പി. എം. ജി. എസ്. വൈ. പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടില്ല. പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവു വരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ദ സമിതിയുടെ ശുപാർശ പ്രകാരം സമതല പ്രദേശങ്ങളിൽ ത്രൂറോഡുകൾക്ക് ഏറ്റവും കുറഞ്ഞവീതി ഏഴര മീറ്ററും ലിങ്ക് റോഡുകൾക്ക് 6 മീറ്ററും ആയി നിശ്ചയിച്ചിട്ടുണ്ട്. മലമ്പ്രദേശങ്ങളിൽ എല്ലാ റോഡുകൾക്കും ഏറ്റവും കുറഞ്ഞ വീതി 6 മീറ്റർ മതിയാകുന്നതാണ്. |

| | |
|---|---|
| (സി) മുൻകാലങ്ങളിൽ എട്ട് മീറ്റർ വീതി ഇല്ലെന്ന കാരണത്താൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടു-ത്തിയിട്ടും നടപ്പിലാക്കാൻ കഴിയാത്തവ പുതുക്കിയ മാനദണ്ഡങ്ങളനുസരിച്ച് ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) എട്ട് മീറ്റർ വീതി ഇല്ലെന്ന കാരണത്താൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാത്ത റോഡുകൾ 6 മീറ്റർ മുതൽ 7.50 മീറ്റർ വരെ വീതി ലഭ്യമാകുമെങ്കിൽ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ